## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2731 13/03/2020-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നടപ്പിലാക്കുവാനാണ് "വിദ്യാലയത്തിനൊപ്പം" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടില്ല. സ്കൂളുകളുടെ അവസ്ഥാപഠനം, ഓരോ സ്കൂളിനും അനുയോജ്യമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, പഠനബോധന മാതൃകകൾ വികസിപ്പിക്കൽ, വിഭവങ്ങൾ ലഭ്യമാക്കൽ, സ്കൂൾ അധിഷ്ഠിത അധ്യാപക ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ മികവുകാട്ടുന്ന കുട്ടികളെ കൂടുതൽ മികവിലേക്ക് ഉയർത്തുവാൻ സഹായകമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. |
| (ബി) | സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനോ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇല്ല |

Reena

സെക്ഷൻ ഓഫീസർ